## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2030** **14-10-2024 - ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്ന ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്നതിനായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിശദവിവരങ്ങൾ തസ്തികയും ശമ്പളവും ഉൾപ്പെടെ വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ മാധ്യമ വിഭാഗം കൈകാര്യം ചെയ്യുന്നതിനായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിനായി ഏതെങ്കിലും പി.ആർ. ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; 'ദി ഹിന്ദു' ദിനപത്രത്തിൽ വന്ന മുഖ്യമന്ത്രിയുടെ അഭിമുഖം ഏതെങ്കിലും പി. ആർ. ഏജൻസി മുഖേന നല്കിയതാണോ; വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യ പുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>ഈ നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്.<br><br>കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി.ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത അഭിമുഖത്തിൽ മലപ്പുറം ജില്ലയെ കുറിച്ച് തെറ്റായ പരാമർശങ്ങൾ പ്രസിദ്ധീകരിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാമോ; ഇക്കാര്യത്തിൽ പത്രത്തിനോടും പി. ആർ. ഏജൻസിയോടും വിശദീകരണം തേടിയിട്ടുണ്ടോ; | (സി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാർശം നടത്തിയിട്ടില്ല. ഈ പരാർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സമൂഹത്തിൽ വർഗ്ഗീയതയും വിദ്വേഷവും വളർത്തുന്ന തരത്തിൽ വാർത്തകൾ നൽകുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കുവാൻ തയ്യാറാകുമോ? | (ഡി) | മതനിരപേക്ഷതയും സമാധാനവും പുലർത്തുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്.<br><br>ഇത്തരത്തിലുള്ള വാർത്തകൾ നൽകുന്നതിൽ നിന്നും വിട്ടുനിൽക്കണമെന്ന് മാധ്യമങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പേര് | മാനവ വിഭവശേഷി വിഭാഗം | പ്രതിമാസ വേതനം |
|---|---|---|---|
| 1 | മുഹമ്മദ് യഹിയ .ടി | ടീം ലീഡർ | 75,000/- |
| 2 | സുദീപ് ജെ സലിം | കണ്ടൻറ് മാനേജർ | 70,000/- |
| 3 | സന്ദീപ് ആർ. കെ | സീനിയർ വെബ് അഡ്മിനിസ്ട്രേറ്റർ | 65,000/- |
| 4 | വിഷ്ണു .ആർ | സോഷ്യൽ മീഡിയ കോ – ഓർഡിനേറ്റർ | 65,000/- |
| 5 | ഷഫീഖ് സൽമാൻ .കെ | കണ്ടൻറ് സ്ട്രാറ്റജിസ്റ്റ് | 65,000/- |
| 6 | അജിത്ത് പി.പി | ഡെലിവറി മാനേജർ | 56,000/- |
| 7 | ജിതിൻ .ജി | റിസർച്ച് ഫെല്ലോ | 53,000/- |
| 8 | അമൽ ദാസ് .സി | കണ്ടൻറ് ഡെവലപ്പർ | 53,000/- |
| 9 | രജീഷ് ലാൽ കെ.വി.പി | കണ്ടൻറ് അഗ്രഗേറ്റർ | 53,000/- |
| 10 | ജയകുമാർ പി.വി | ഡാറ്റാ റിപ്പോസിറ്ററി മാനേജർ | 45,000/- |
| 11 | ശൈലേഷ് കുമാർ.എസ് | ഡാറ്റാ റിപ്പോസിറ്ററി മാനേജർ | 45,000/- |
| 12 | വൈശാഖ് .പി | കമ്പ്യൂട്ടർ അസിസ്റ്റൻറ് | 22,290/- |